**കാലിക്കറ്റ് സർവകലാശാല**

**(ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്)**

127241/DOA-ASST-8/2026/Admn 03.09.2026

**<u>പത്രക്കുറിപ്പ്</u>**

2026-27 അധ്യയന വർഷത്തെ നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ മൂന്നും അഞ്ചും സെമസ്റ്ററുകളിൽ **ലേറ്റ് ഇന്റർ യൂണിവേഴ്സിറ്റി ട്രാൻസ്ഫർ** അനുവദിച്ച് സർവകലാശാലാ വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നു. കേരളത്തിലും, കേരളത്തിന് പുറത്തുമുള്ള സർവകലാശാലകളിലെ (ഓട്ടോണമസ് കോളേജുകൾ ഉൾപ്പടെ ) നാലുവർഷ ബിരുദ പ്രോഗ്രാമുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക്, അഫിലിയേറ്റഡ് കോളേജുകളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

അപേക്ഷകർ മുൻ സെമസ്റ്ററുകളിലെ മുഴുവൻ പേപ്പറുകളും വിജയിച്ചിരിക്കണം. മൂന്നാം സെമസ്റ്ററിലേക്കുള്ള ട്രാൻസ്ഫറിനൊപ്പം മേജർ സ്വിച്ചിങ്ങിനും അവസരമുണ്ട്. ഇതിനായി തെരഞ്ഞെടുക്കുന്ന മൈനർ പേപ്പറിന് കുറഞ്ഞത് 4 ക്രെഡിറ്റും MDC പേപ്പറിന് കുറഞ്ഞത് 3 ക്രെഡിറ്റും നേടിയിരിക്കണം. അഞ്ചാം സെമസ്റ്ററിലേക്ക് മേജർ നിലനിർത്തിക്കൊണ്ടുള്ള കോളേജ് ട്രാൻസ്ഫർ മാത്രമാണ് അനുവദിക്കുക.

സർവകലാശാലയ്ക്ക് കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളുമായി നേരിട്ട് ബന്ധപ്പെട്ട് സീറ്റ് ലഭ്യതയ്ക്കും യോഗ്യതയ്ക്കും വിധേയമായി ട്രാൻസ്ഫർ നേടാവുന്നതാണ്. **ട്രാൻസ്ഫർ ലഭിക്കുന്ന വിദ്യാർത്ഥികൾ** തുടർന്ന് ഓൺലൈൻ CAP ID രജിസ്ട്രേഷൻ പൂർത്തിയാക്കണം. ഒരേ പ്രോഗ്രാമിലേക്ക് ഒന്നിലധികം അപേക്ഷകരുണ്ടെങ്കിൽ, മുൻ സെമസ്റ്ററുകളിലെ അക്കാദമിക് പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ കോളേജ് തലത്തിൽ റാങ്ക് പട്ടിക തയ്യാറാക്കി മെറിറ്റ് അടിസ്ഥാനത്തിലാണ് ട്രാൻസ്ഫർ അനുവദിക്കുക.

**രജിസ്ട്രേഷൻ ഫീസ്:** SC/ST വിഭാഗത്തിന് ₹570/-യും മറ്റുള്ളവർക്ക് ₹870/-യും. 17.07.2026 തീയതിയിലെ ഇന്റർ യൂണിവേഴ്സിറ്റി വിജ്ഞാപനപ്രകാരം നേരത്തെ അപേക്ഷിച്ച് CAP ID നേടിയവർ ₹350/- ലേറ്റ് ഫീ അടയ്ക്കണം.

**അപേക്ഷ ആരംഭിക്കുന്നത്:** 03.09.2026

**അവസാന തീയതി:** 08.09.2026 4.30 P.M

കൂടുതൽ വിവരങ്ങൾക്ക് സർവകലാശാലയുടെ വെബ്സൈറ്റ് സന്ദർശിക്കുക.

**വെബ്സൈറ്റ് ലിങ്ക് :** admission.uoc.ac.in/admission?pages=Transfer

**ഫോൺ:** 0494-2407152

**ഇ-മെയിൽ:** transfer@uoc.ac.in

Ashokkumar K. P.

Deputy Registrar